# ന്യൂലൈഫ്
**ബൈബിൾ പഠന കോഴ്സ്**

# സഭ
## യൂണിറ്റ് C
## പഠനം 1. ശരീരമാകുന്ന സഭ

പേര്..................................................................................

**വായിക്കുക: എഫെസ്യർ 1: 22 & 23; കൊലൊസ്സ്യർ 1: 18; 1 കൊരിന്ത്യർ 12: 12–27**

**താക്കോൽവാക്യം:– 1 കൊരിന്ത്യർ 12 : 27**

**"എന്നാൽ നിങ്ങൾ ക്രിസ്തുവിന്റെ ശരീരവും ഓരോരുത്തൻ വെവ്വേറായി അവയവങ്ങളും ആകുന്നു."**

നാം നേരത്തെ കണ്ടതുപോലെ (യൂണിറ്റ് ബി, പഠനം 1 ) സഭയ്ക്ക് ഘടനാപരമായി 2 തലങ്ങൾ ഉണ്ട് എന്ന് പുതിയ നിയമം പഠിപ്പിക്കുന്നു. ഒന്നാമത്തേത് സഭയുടെ ആരംഭം ***(പ്രവൃത്തികൾ 2 )*** മുതൽ കർത്താവിന്റെ വീണ്ടും വരവ് വരെയുള്ള എല്ലാ വിശ്വാസികളും ഉൾപ്പെടുന്ന പൂർണ്ണമായാ സഭ. രണ്ടാമതായി ഒരു പ്രത്യേക സ്ഥലത്തു ഒരു കാലയളവിനുള്ളിൽ രൂപീകരിക്കപ്പെടുന്ന സ്ഥലം സഭകൾ.

ഈ ആത്മീക സത്യങ്ങളെ മനസ്സിലാക്കുവാൻ ബൈബിളിൽ നിരവധി സാദൃശ്യങ്ങൾ ഉപയോഗിക്കുന്നുണ്ട്. ഒരേ സാദൃശ്യങ്ങൾ തന്നെ സഭയുടെ രണ്ട് തലങ്ങളെ കുറിക്കുവാൻ ഉപയോഗിച്ചിട്ടുണ്ട്. പൂർണ്ണമായ സഭയും സ്ഥലം സഭയും ***'ഒരു ശരീരം'*** എന്ന നിലയിൽ സാദൃശ്യങ്ങൾ വിവരിച്ചിരിക്കുന്നത് എങ്ങനെയെന്ന് നമുക്ക് പരിശോധിക്കാം.

### 1. പൂർണ്ണമായ സഭ– ഒരു ശരീരം

കർത്താവിന്റെ സഭ പണിയപ്പെട്ടിരിക്കുന്നത് വിപുലമായ നിലയിൽ ആണ് പല തലമുറയിൽപ്പെട്ട വ്യക്തികളേയും പല പശ്ചാത്തലത്തിലുള്ളവരേയും ചേർത്തുകൊണ്ടാണ്. എന്നാൽ ഈ വ്യത്യാസങ്ങൾക്ക് വലിയ പ്രാധാന്യം ഇല്ല. കാരണം ഒരു മനുഷ്യശരീരത്തിലെ അവയവങ്ങൾ എല്ലാം ചേർന്ന് ഒരുമിച്ച് പ്രവൃത്തിക്കുന്നതുപോലെ, കർത്താവിൽ വിശ്വസിക്കുന്ന എല്ലാ വ്യക്തികളും ചേർന്ന് ഒരു ശരീരം പോലെ ആത്മീക ഐക്യം ആയിത്തീരുന്നു. നമുക്ക് അറിയാവുന്നതുപോലെ ശരീരത്തിലുള്ള എല്ലാ അവയവങ്ങളുടെ പ്രവൃത്തികളും ചലനങ്ങളും നിയന്ത്രിക്കുന്നത് തലച്ചോർ ആണ്. ഇതേ ചിത്രം തന്നെയാണ് സഭകളെക്കുറിച്ചും പുതിയനിയമത്തിൽ നാം കാണുന്നത്. ***"സഭയാകുന്ന ശരീരത്തിന്റെ തല" ( കൊലോസ്യർ 1 :18, എഫെസ്യർ 1 :22, 23)***

സഭയെ മുഴുവൻ ഒരു ശരീരമായി ചിത്രീകരിച്ചിരിക്കുന്നതിൽ നിന്നും രണ്ട് പ്രധാനപ്പെട്ട കാര്യങ്ങൾ നമുക്ക് മനസിലാക്കാം.

a. സാഹചര്യ വ്യത്യാസങ്ങൾ ഇല്ലാതെ വിശ്വാസികൾ എല്ലാം ചേർന്ന് ഒരു ആത്മീക ഐക്യം ആണ്.

b. സഭയുടെ തലയാകുന്ന കർത്താവിനാണ് സഭയുടെ മേൽ ഉള്ള എല്ലാ അധികാരവും ഉള്ളത്.

### 2. പ്രാദേശിക സഭ– ഒരു ശരീരം

പുതിയ നിയമത്തിൽ പൗലോസ് ***കൊരിന്ത്യർക്കെഴുതിയ ഒന്നാം ലേഖനത്തിൽ 'കൊരിന്തിലുള്ള ദൈവ സഭ'*** എന്നാണ് പറയുന്നത്. ***(1കൊരിന്ത്യർ 1 :2 )*** ഇതെഴുതുമ്പോൾ പൗലോസിന്റെ മനസ്സിൽ കൊരിന്തിലുള്ള സ്ഥലം സഭയെയാണ് പരാമർശിക്കുന്നത്. 12-ാംഅദ്ധ്യായത്തിലേക്ക് വരുമ്പോൾ സഭയെ ഒരു ശരീരത്തോട് ഉപമിക്കുകയും ***27–ാം വാക്യത്തിൽ "എന്നാൽ നിങ്ങൾ ക്രിസ്തുവിന്റെ ശരീരവും ഓരോരുത്തൻ വെവ്വേറെയായി അവയവങ്ങളും ആകുന്നു"*** എന്ന് രേഖപെടുത്തിയിരിക്കുന്നു. ഈ ചിന്താഗതിയിൽ പൗലോസ് ഉദ്ദേശിക്കുന്നത് സഭയിലെ എല്ലാ അംഗങ്ങളും പ്രാധാന്യം ഉള്ളവരാണ് മാത്രമല്ല ഓരോരുത്തർക്കും അവരുടേതായ ഉത്തരവാദിത്വങ്ങൾ ഉണ്ട് എന്നതും ആണ്.താഴെ പറയുന്ന കാര്യങ്ങൾ ചിന്തിക്കുക.

1. ഒരു ശരീരത്തിൽ വ്യത്യസ്ഥങ്ങളായ അവയവങ്ങൾ ഉണ്ടെങ്കിലും എല്ലാ അവയവങ്ങൾക്കും ജീവനും എല്ലാ അവയവങ്ങളും ഒരുമിച്ച് ചേർന്ന് ഐക്യത്തോടെ പ്രവൃത്തിക്കുകയും ചെയ്യുന്നു. സഭയും അതുപോലെ തന്നെയാണ് സഭയിലെ എല്ലാ അംഗങ്ങളും ***ക്രിസ്തുയേശുവിൽ ഒന്നാണ് (ഗലാത്യർ 3 :28 )*** ഓരോ വിശ്വാസികൾക്കും കർത്താവിൽ നിന്നുള്ള ആത്മീക ജീവൻ ഉണ്ട്. അതുകൊണ്ട് തന്നെ സഭയിലുള്ള എല്ലാ വിശ്വാസികളും തമ്മിൽ ആരോഗ്യപരമായ ഐക്യം കാത്തു സൂക്ഷിക്കേണ്ടതും ആണ്.
2. നമ്മുടെ ശരീരത്തിലുള്ള ഓരോ ഭാഗത്തിനും അതിന്റേതായ ഉത്തരവാദിത്വങ്ങൾ ഉണ്ട്. കാലുകൾക്ക് കൈകളുടെ പ്രവൃത്തിചെയ്യുവാനോ, കാതുകൾക്ക് കണ്ണുകളുടെ പ്രവൃത്തി ചെയ്യുവാനോ സാധിക്കുകയില്ല. ***( 1 കൊരിന്ത്യർ 12 : 14 19 കാണുക )*** അതുപോലെ തന്നെയാണ് സഭയിലും ഓരോ അംഗങ്ങളെക്കുറിച്ചും ഉള്ള ദൈവത്തിന്റെ ഉദ്ദേശങ്ങൾ മനസിലാക്കി,ആ ഉത്തരവാദിത്വങ്ങൾ ഏറ്റവും നല്ല നിലയിൽ ചെയ്യുവാൻ നാം ശ്രമിക്കേണ്ടതാണ്.
3. ഒരു അവയവത്തിനു മറ്റൊരു അവയവത്തിന്റെ സഹായം എത്രത്തോളം ആവശ്യം ഉണ്ടെന്നു നമ്മുടെ ശരീരം താനേ നമ്മെ പഠിപ്പിക്കുന്നുണ്ട്. കണ്ണിൽ ഒരു കരട് പോയാൽ അത് തുടച്ചുകളയുവാൻ കൈകളുടെ സഹായം വളരെ ആവശ്യമാണ്. അതുപോലെ തന്നെ തല ഉദ്ദേശിക്കുന്ന സ്ഥലത്തു എത്തുവാൻ കാലുകളുടെ ആവശ്യം പ്രധാനപ്പെട്ടതാണ്. ***(1കൊരിന്ത്യർ 12 :21 കാണുക )*** സഭയിലുള്ള ഓരോ വിശ്വാസികളും അന്യോന്യം കടപ്പെട്ടിരിക്കുന്നു എന്ന സത്യമാണ് ഈ ഉദാഹരണങ്ങൾ നമുക്ക് മനസ്സിലാക്കിത്തരുന്നത്. ശക്തികുറഞ്ഞ അവയവങ്ങളും നമുക്ക് ആവശ്യമാണെന്ന് മനസ്സിലാക്കി ഒരിക്കലും സ്വയപ്രധാന്യം നൽകി സ്വയമായി അഹങ്കരിക്കാതെ അന്യോന്യം ശുശ്രൂഷകൾ ചെയ്യുക.

ഒരു സ്ഥലം സഭയിലെ വിശ്വാസികൾ എല്ലാം ചേർന്ന് എങ്ങിനെ പ്രവൃത്തിക്കണം എന്നുള്ളതിന്റെ ചിത്രം ആണ് സഭയെ ശരീരത്തോട് ഉപമിച്ചു പറഞ്ഞിരിക്കുന്നത്. പ്രധാന ചിന്തകൾ താഴെ വിവരിച്ചിരിക്കുന്നു.

1. ഒരു ശരീരത്തിലേതു പോലെ സഭയിലും ഏകത്വവും നാനാത്വവും ഉണ്ട് ***('ഒരു ശരീരം' 'അനേക അംഗങ്ങൾ')***
2. സഭയിലുള്ള ഓരോ വ്യക്തികൾക്കും ഉത്തരവാദിത്വം ഉണ്ട്. ഒരു ശരീരത്തിലെ അവയവങ്ങൾ എല്ലാം ചേർന്ന് അതിന്റെ ശുശ്രുഷ ചെയ്യുമ്പോൾ ആണ് ശരീരം മികച്ച രീതിയിൽ പ്രവർത്തിക്കുന്നത്.
3. ഒരു ശരീരത്തിൽ ഒരു അവയവം മറ്റൊരു അവയവത്തെ ആശ്രയിക്കുന്നു. ഓരോ അവയവും ***കരുതലും സഹായവും*** അന്യോന്യം ചെയ്യണം. സഭയിലും അതുപോലെ തന്നെ ആയിരിക്കണം.***(1 കൊരിന്ത്യർ 12: 25, 26 )***

# ന്യൂലൈഫ്
# പ്രവൃത്തി പരിചയം



**1** *കൊലോസ്യർ 1:18* ൽ ക്രിസ്തുവിനെ *'സഭയാകുന്ന ശരീരത്തിന്റെ തലയായി'* പറഞ്ഞിരിക്കുന്നു. ഇതിന്റെ അർത്ഥം എന്താണ് ?. ........................................ (3)

........................................

**2** A ആർക്കാണ് കൊരിന്ത്യ ലേഖനം എഴുതിയിരിക്കുന്നത് *(1 :2 കാണുക)* (4)

........................................

B. താക്കോൽ വാക്യത്തിൽ സഭയെ ക്രിസ്തുവിന്റെ ശരീരമായി പറഞ്ഞിരിക്കുന്നു ആ ഭാഗം എടുത്തെഴുതുക.

........................................

C. രേഖപ്പെടുത്തിയിരിക്കുന്ന വാക്യത്തിലെ വിട്ടുപോയ ഭാഗം പൂരിപ്പിക്കുക : എന്നാൽ. ............................. പലതെങ്കിലും ശരീരം. ................................ *(1 കൊരിന്ത്യർ 12 :20)*

**3** A. *1 കൊരിന്ത്യർ 12 :15 – 16* വാക്യങ്ങൾ വായിക്കുക ഇതിൽ പറഞ്ഞിരിക്കുന്ന ശരീരത്തിലെ നാല് അവയവങ്ങൾ ഏതൊക്കെയാണ്.

........................................

B. ഈ രണ്ട് വാക്യത്തിൽ പ്രധാനമായും പൗലോസ് ഉദ്ദേശിക്കുന്നത് എന്താണ്. (4)

........................................

........................................

**4** **സഭയിലുള്ള എല്ലാ അംഗങ്ങളും ചേർന്ന് അവരവരുടെ ഉത്തരവാദിത്വം ചെയ്യുന്നത് സഭയ്ക്ക് ഏതു നിലയിലാണ് സഹായമായി തീരുന്നത്.** (4)

........................................

........................................

........................................

**5** **താഴെ പറയുന്നവ ശരിയോ തെറ്റോ എന്ന് എഴുതുക.** (5)

a. ഏതൊരു സ്ഥലത്തുള്ള സഭയെയും ഒരു ശരീരത്തോട് ഉപമിച്ചു പുതിയ നിയമം പഠിപ്പിക്കുന്നു. ..........................

b. ശരീരത്തിലെ ചില അവയവങ്ങൾ പ്രയോജനമില്ലാത്തതുപോലെ സഭയിലും ചില അംഗങ്ങൾ പ്രയോചനമില്ലാത്തവർ ആകുന്നു. ..........................

c. ശരീരത്തിലെ ഓരോ അവയവങ്ങളും അന്യോന്യം കരുതാറില്ല. ..........................

d. *1 കൊരിന്ത്യർ 12:26* അനുസരിച്ചു സഭയിലെ അംഗങ്ങൾ അന്യോന്യം ദുഃഖവും സന്തോഷവും പങ്കു വെക്കണം. ..........................

e. സഭയിലെ ബലഹീന അംഗങ്ങളെ ഒഴിവാക്കണം. ..........................

**6** **ക്രിസ്തു 'തലയും' നാം ഓരോരുത്തരും 'അവയവങ്ങളും' ആകുന്നു. ഇത് എങ്ങനെയാണു നാമും കർത്താവും തമ്മിലുള്ള ബന്ധത്തെ വിശദീകരിക്കുന്നത്.** (3)

........................................

........................................

**7** **പ്രാദേശിക സഭയ്ക്ക് നൽകാവുന്ന ഏറ്റവും നല്ല ചിത്രം അല്ലെങ്കിൽ ഉപമയാണ് 'മനുഷ്യശരീരം' നിങ്ങൾ ഈ പ്രസ്താവനയോട് യോജിക്കുന്നുണ്ടോ ? ഉണ്ടെങ്കിൽ അതിനുള്ള കാരണം വിവരിക്കുക.**

........................................

........................................ (2)

........................................

25

ആകെ മാർക്ക്

# ന്യൂലൈഫ്

**ബൈബിൾ പഠന കോഴ്സ്**

# സഭ

**യൂണിറ്റ് C**

**പഠനം 2. സഭ ഒരു ആലയവും, മണവാട്ടിയും.**

പേര്.............................................

**വായിക്കുക: എഫെസ്യർ 2: 19– 22 & 5: 22– 27. 1 കൊരിന്ത്യർ 3: 16 & 17. 2 കൊരിന്ത്യർ 11: 14.**

**താക്കോൽ വാക്യം 1 കൊരിന്ത്യർ 3 :16**

**"നിങ്ങൾ ദൈവത്തിന്റെ മന്ദിരം എന്നും ദൈവത്തിന്റെ ആത്മാവ് നിങ്ങളിൽ വസിക്കുന്നു എന്നും അറിയുന്നില്ലയോ"?**

ഒന്നാമത്തെ പാഠത്തിൽ പൂർണ്ണ സഭയെയും, പ്രാദേശിക സഭയെയും 'ശരീരത്തോട്' ഉപമിച്ച് നാം പഠിച്ചു. അതുപോലെതന്നെയാണ് സഭയെ "ആലയമായും" "മണവാട്ടിയായും" ഉപമിച്ചിരിക്കുന്നത്.

**പൂർണ്ണ സഭ – ദൈവത്തിന്റെ ആലയമാണ്.**

പൗലോസ് എഫെസ്യർക്ക് ലേഖനം എഴുതുമ്പോൾ '***അടിസ്ഥാനത്തെക്കുറിച്ചും' പ്രധാന മൂലക്കല്ലിനെക്കുറിച്ചും മുഴുവൻ കെട്ടിടത്തെക്കുറിച്ചും*** ഒക്കെ വിവരിക്കുന്നുണ്ട് ***(എഫെസ്യർ 2 :19– 22 ).*** ആലങ്കാരികമായ രീതിയിൽ ആണ് പൗലോസ് ഈ കാര്യങ്ങൾ വിശദീകരിക്കുന്നത്. ഭൂമയിലുള്ള ഏതെങ്കിലും ഒരു ആലയത്തെക്കുറിച്ചല്ല പൗലോസ് ഇവിടെ വിവരിക്കുന്നത്. പല രാജ്യങ്ങളിൽ നിന്ന് രക്ഷിക്കപ്പെട്ടവർ എല്ലാം '***ഒരുമിച്ചു ചേർന്ന് കർത്താവിൽ ഒരു വിശുദ്ധ മന്ദിരമായി***' തീർന്നു കൊണ്ടുള്ള ഒരു ആവാസ വ്യവസ്ഥാ ബന്ധമാണ് പൗലോസ് ഇവിടെ അർത്ഥമാക്കുന്നത്. ഈ യുഗത്തിന്റെ അവസാനത്തോടെ "***ഈ ആത്മീക ആലയവും: (എഫെസ്യർ 2 :21)*** പൂർണ്ണമാകുകയും എന്നേക്കും ദൈവമഹത്വത്തിന്നായി നിലനിൽക്കുകയും ചെയ്യും.

**പ്രാദേശിക സഭ – ദൈവത്തിന്റെ ആലയം**

***1 കൊരിന്ത്യർ 3 :16*** ന്റെ അടിസ്ഥാനത്തിൽ വിശ്വാസികളുടെ കൂട്ടമാകുന്ന സഭ (പുതിയ നിയമത്തിന്റെ അടിസ്ഥാനത്തിൽ) '***ദൈവത്തിന്റെ ആലയമെന്ന***' നിലയിൽ ആണ് കാണുന്നത്. രണ്ട് കാര്യങ്ങൾ ഇതിൽ ഉള്ളടങ്ങിയിട്ടുണ്ട്.

a. വിശ്വാസികൾ "***ദൈവത്തിന്റെ ആലയമായതുകൊണ്ട്***"തെറ്റായ പ്രവൃത്തികൾക്ക് സഭാ ജീവിതത്തിൽ യാതൊരു സ്ഥാനവും ഇല്ല. ***1 കൊരിന്ത്യർ 3: 17*** വായിക്കുക.

b. 'വിശ്വാസികൾ 'ദൈവത്തിന്റെ ആലയമായതുകൊണ്ട് ' അവരോടൊപ്പവും അവരുടെ ആരാധനയോടൊപ്പവും മറ്റെല്ലാ ശുശ്രൂഷകളോടൊപ്പവും ദൈവത്തിന്റെ ആത്മീക സാന്നിദ്ധ്യം അവകാശപ്പെടുവാൻ സാധിക്കും."***യഹോവ തന്റെ വിശുദ്ധ മന്ദിരത്തിൽ ഉണ്ട്" (സങ്കീർത്തനം 11: 4 ).***

**പൂർണ്ണമായ സഭ മണവാട്ടി.**

***എഫെസ്യ ലേഖനം 5 – ാം*** അദ്ധ്യായത്തിൽ വിശ്വാസികളായ ഭാര്യാ ഭർത്താക്കന്മാർ തമ്മിലുള്ള ബന്ധത്തെക്കുറിച്ച് പ്രധാനപ്പെട്ട നിർദ്ദേശങ്ങൾ നൽകുന്നുണ്ട്. തന്റെ ഉപദേശത്തെ വ്യക്തമാക്കുവാൻ പൗലോസ് ഉപമിക്കുന്നത് ഇങ്ങനെയാണ്. "***ഭർത്താക്കന്മാരെ ക്രിസ്തുവും സഭയെ സ്നേഹിച്ചതുപോലെ നിങ്ങളുടെ ഭാര്യമാരെ സ്നേഹിപ്പിൻ" (എഫെസ്യർ 5 :25 ).*** ഇവിടെ മണവാട്ടി എന്ന വാക്ക് ഉപയോഗിക്കുന്നില്ല എങ്കിലും *26, 27* വാക്യങ്ങളിൽ വിവാഹത്തിന് ഒരുങ്ങുന്ന ഒരു മണവാട്ടിയോടാണ് സഭയെ ഉപമിച്ചിരിക്കുന്നത്. ക്രിസ്തുവിൽ വിശ്വസിച്ചവരെയെല്ലാം ചേർത്ത് വിശുദ്ധിയോടും, കുറ്റമില്ലാതെയും, നിഷ്കളങ്കതയോടും കൂടിയുള്ള മണവാട്ടിയെ '***തേജസ്സുള്ള സഭയായി***' ദൈവം കാണുന്നു സഭയുടെ പണി പൂർത്തിയാകുമ്പോൾ മണവാട്ടിയും (സഭ) മണവാളനും (ക്രിസ്തു) സ്നേഹത്തിന്റെ പൂർണതയിൽ എന്നേക്കും ഒരുമിച്ചായിരിക്കും.

**പ്രാദേശിക സഭ മണവാട്ടി എന്ന നിലയിൽ.**

പൗലോസ് വീണ്ടും ആലങ്കാരികമായ ഭാഷ ഉപയോഗിക്കുകയാണ്. ***(2 കൊരിന്ത്യർ 11 :2)*** കൊരിന്തിലുള്ള സഭയോട് പൗലോസ് പറയുന്നത് ഇങ്ങനെയാണ് "***ഞാൻ ക്രിസ്തു എന്ന ഏക പുരുഷന് നിങ്ങളെ നിർമ്മല കന്യകയായി ഏൽപ്പിക്കുവാൻ വിവാഹ നിശ്ചയം ചെയ്തിരിക്കുന്നു***" .അവരോടുള്ള ബന്ധത്തിൽ സുവിശേഷ പ്രഘോഷണവും അവർക്കുവേണ്ടിയുള്ള ആത്മീക കരുതലുകളെക്കുറിച്ചും ആണ് പൗലോസ് ഇവിടെ പറയുന്നത്. ക്രിസ്തുവും ആയുള്ള വിവാഹ ക്രമീകരണങ്ങൾ എല്ലാം നടന്നതുകൊണ്ട് അവരുടെ മനസ്സ് ക്രിസ്തുവിനോടുള്ള ഏകാഗ്രതയും, നിർമ്മലതയും വിട്ട് മറ്റൊരു യേശുവിലേക്കോ വേറൊരു സുവിശേഷത്തിലേക്കോ മാറിപ്പോകുമോ എന്ന് പൗലോസ് ഭയപ്പെട്ടു. ***(വാക്യം 4 ).*** അതുകൊണ്ട് സഭ എന്ന നിലയിൽ യേശു ക്രിസ്തുവിനോടുള്ള ഭക്തിയിലും വിശ്വസ്തതയിലും നിലനിൽക്കണം എന്നും, പിശാച് ഹവ്വയെ ചതിച്ചതുപോലെ ചതിക്കപ്പെടുവാൻ അനുവദിക്കരുത് എന്നും പൗലോസ് മുന്നറിയിപ്പ് നൽകുന്നു.

ഈ മുന്നറിയിപ്പ് നമ്മോടുള്ള ബന്ധത്തിലും പ്രാധാന്യം അർഹിക്കുന്നതാണ്. സഭയുടെ വിശ്വാസത്തിലും പ്രവൃത്തിയിലും വേദപുസ്തക ഉപദേശങ്ങളോടുള്ള വിശ്വസ്തത കാത്തു സൂക്ഷിക്കേണ്ടതാണ്. നമ്മുടെ കർത്താവും രക്ഷിതവുമായവനോടുള്ള സ്നേഹത്തിൽ നിന്നും പുതിയ ചിന്തകൾ നമ്മെ വഴിതെറ്റിക്കാതിരിക്കട്ടെ.

# ന്യൂലൈഫ്
# പ്രവൃത്തി പരിചയം

**പഠനം 2. സഭ ഒരു ആലയവും, മണവാട്ടിയും.**

1. **എഫെസ്യർ 2 : 19 22 വരെയുള്ള വാക്യങ്ങളിൽ പൗലോസ് മുഴുവൻ സഭയെയും കർത്താവിന്റെ വിശുദ്ധ ആലയവുമായി താരതമ്യപ്പെടുത്തുമ്പോൾ :**

a. അടിസ്ഥാനം ആരാണെന്നാണ് പൗലോസ് പറയുന്നത്. ......................................................................................

b. ആരാണ് പ്രധാന മൂലക്കല്ല് ......................................................................................

C. ***'ആത്മാവിൽ ദൈവത്തിന്റെ നിവാസമാകേണ്ടതിന്'*** ഈ പ്രസ്താവനയുടെ അർത്ഥം എന്താണ് ?.

......................................................................................

...................................................................................... 4

2. *1 കൊരിന്ത്യർ 3 :16 17* വരെയുള്ള ഭാഗം വായിക്കുക. തെറ്റായ പഠിപ്പിക്കലുകളും പാപ പ്രവൃത്തികളും സഭയിൽ വേരൂന്നാതിരിക്കാൻ സഭ പ്രത്യേകം ശ്രദ്ധിക്കണം എന്ന് പറഞ്ഞിരിക്കുന്നത് എന്തുകൊണ്ടാണ് എന്ന് വിശദീകരിക്കുക.

......................................................................................

...................................................................................... 3

3. **ബൈബിളിൽ 'ദൈവം വസിക്കുന്നു' എന്ന് പറഞ്ഞിരിക്കുന്ന 3 സ്ഥലങ്ങൾ ഉണ്ട്.**

**(1) സ്വർഗം (2) നിത്യത (3) സഭ.** താഴെയുള്ള വാക്യങ്ങൾ വായിച്ച് ഓരോ വാക്യത്തിന്നും അനുയോജ്യമായ പദങ്ങൾ മുകളിൽ നിന്നും എടുത്തെഴുതുക.

......................................................................................

......................................................................................

**യെശയ്യാവ് 57 :15.** ..............................**സഭാപ്രസംഗി 5 :2.** ............................**1കൊരിന്ത്യർ 14 :25.** ................................ 3

4. **എഫെസ്യർ 5 :25 വായിച്ച് ഉത്തരം നൽകുക**

(a) ഒരു ക്രിസ്തീയ ഭർത്താവിന് ഭാര്യയോടുള്ള സ്നേഹത്തിന്റെ മാതൃക എന്താണ്.

......................................................................................

(b). തന്റെ മണവാട്ടിയായ സഭയ്ക്ക് വേണ്ടി കർത്താവ് നൽകിയ വില എന്താണ്.

...................................................................................... 4

5. **എഫെസ്യർ 5 :27ന്റെ അടിസ്ഥാനത്തിൽ കർത്താവിന്റെ മണവാട്ടിയാകുന്ന സഭ ദൈവത്തിനു പ്രസാദമുള്ളതായിരിക്കും എന്ന് തെളിവാകുന്നു വാക്കുകളും പദങ്ങളും എഴുതുക.**

......................................................................................

......................................................................................

...................................................................................... 4

6. **കൊരിന്തിലുള്ള സഭ : ദൈവത്തിന്റെ ആലയം എന്ന് വിശേഷിപ്പിക്കുന്നതിലെ ആശയംഎന്ത് (താക്കോൽ വാക്യം നോക്കുക)**

......................................................................................

...................................................................................... 3

7. **സഭയെക്കുറിച്ചുള്ള നമ്മുടെ കാഴ്ചപ്പാടുകൾ എല്ലാം തിരുവചന സത്യങ്ങളുടെ അടിസ്ഥാനത്തിൽ മാത്രം ആയിരിക്കണം എന്ന് പറയുന്നതിന്റെ കാരണം എന്താണ്.**

......................................................................................

...................................................................................... 4

......................................................................................

......................................................................................

**25**

ആകെ മാർക്ക്

## പഠനം 3. സഭയുടെ അഭിവൃദ്ധിക്കായുള്ള ദൈവീക കരുതലുകൾ

പേര്.............................................

**വായനാഭാഗം: എഫെസ്യർ 4: 11 – 13 & 16 കൂടാതെ 1 കൊരിന്ത്യർ 12: 4 – 11**

**താക്കോൽവാക്യം: എഫെസ്യർ 4 :11,12**

**"അവൻ ചിലരെ അപ്പോസ്തലന്മാരായും ചിലരെ പ്രവാചകന്മാരായും ചിലരെ സുവിശേഷകന്മാരായും ചിലരെ ഇടയന്മാരായും, ഉപദേഷ്ടാക്കന്മാരായും നിയമിച്ചിരിക്കുന്നത് വിശുദ്ധന്മാരുടെ ശുശ്രൂഷക്കായിട്ടും ക്രിസ്തുവിന്റെ ശരീരത്തിന്റെ ആത്മീകവർദ്ധനയ്ക്കും ആകുന്നു".**

സഭ എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് ***പ്രവൃത്തികളുടെ 2 – ാം അദ്ധ്യായം*** മുതൽ കർത്താവായ യേശുക്രിസ്തുവിന്റെ വീണ്ടും വരവുവരെ ഉള്ള കാലഘട്ടത്തിലെ കോടിക്കണക്കിനു വിശ്വാസികൾ ഉൾപ്പെടുന്നതാണ്. നാം കണ്ടതുപോലെ ദൈവം വിശ്വാസികളെ കാണുന്നത് "***ക്രിസ്തുവിന്റെ ശരീരം***" ആയിട്ടും,ദൈവത്തിന്റെ ആലയമായും മാത്രമല്ല ക്രിസ്തുവിന്റെ മണവാട്ടിയും ആയിട്ടാണ്.സഭയുടെ വളർച്ചയ്ക്കും അഭിവൃദ്ധിക്കും വേണ്ടിയതൊക്കെയും ദൈവം കരുതിയിട്ടുണ്ട്.

ദൈവസഭയോടുള്ള കരുതലിനോടുള്ള ബന്ധത്തിൽ ദൈവം സഭയ്ക്ക് കൃപാവരങ്ങൾ നൽകി. ***എഫെസ്യർ 4 :11– ാം*** വാക്യത്തിൽ പറഞ്ഞിരിക്കുന്ന കൃപാവരങ്ങൾ ഉള്ള വ്യക്തികൾ ആയിരുന്നു സഭയുടെ ആരംഭം മുതൽ പ്രധാന ശുശൂഷകൾ ചെയ്തത്. ആരായിരുന്നു അവർ എന്ന് നമുക്ക് നോക്കാം.

**1. അപ്പോസ്തലന്മാരും പ്രവാചകന്മാരും:**

സഭയെ "***ദൈവത്തിന്റെ ആലയമെന്ന***" നിലയിൽ നാം കണ്ടാൽ,ആ ആലയത്തിന്റെ അടിസ്ഥാനം ഇട്ടവരാണ് അപ്പോസ്തലന്മാർ. ***(എഫെസ്യർ 2 :20)*** ന്റെ അടിസ്ഥാനത്തിൽ ഇവർ പുതിയ നിയമം എഴുതപ്പെട്ടതിനും മുമ്പ് ഉണ്ടായിരുന്നവരാണ്. ദൈവം തന്റെ മനസിലുള്ളത് അപ്പോസ്തലന്മാർക്കും പ്രവാചകന്മാർക്കും വെളിപ്പെടുത്തിയത് അവർ സഭയ്ക്ക് നൽകി.

**2. സുവിശേഷകന്മാർ:**

സുവിശേഷം പ്രഘോഷിക്കുവാനായി പരിശുദ്ധാൽമാവ് കൃപാവരം നൽകിയവർ ആണ് സുവിശേഷകന്മാർ അവരുടെ ശുശൂഷകൾ മുഖാന്തരം ആണ് സഭ ഇന്നും വളർന്നുകൊണ്ടിരിക്കുന്നതു. ആദ്യകാല സുവിശേഷകന്മാരിൽ ഒരാൾ ആയിരുന്നു ഫിലിപ്പോസ് ***(പ്രവൃത്തികൾ 21 :8 കാണുക)***

**3. ഇടയന്മാരും ഉപദേഷ്ടാക്കന്മാരും:**

ഒരു ആടിന് ഇടയന്റെ സംരക്ഷണവും ശ്രദ്ധയും ആവശ്യമുള്ളതുപോലെ കർത്താവിന്റെ സഭയിലുള്ള അംഗങ്ങൾക്കും ഉപദേശവും ശ്രദ്ധയും ആവശ്യമാണ്. ഈ ശുശ്രൂഷ ചെയ്യുന്നവരാണ് ഇടയന്മാർ. ഇടയ ശുശ്രൂഷയ്ക്കും ഉപദേശത്തിനും കൃപയുള്ളവരെ ദൈവം എല്ലാക്കാലത്തും സഭയ്ക്ക് നൽകിയിട്ടുണ്ട്.

നാം ഇന്ന് ജീവിക്കുന്നത് സഭയുടെ ആരഭത്തിനു ശേഷം 2000 വർഷങ്ങൾക്ക് ശേഷം ആണ്. അപ്പോസ്തലന്മാരുടെയും പ്രവാചകന്മാരുടെയും ശുശ്രൂഷകൾ ഇന്ന് ആദ്യകാലങ്ങളിലെ പോലെ കാണുന്നില്ല കാരണം നമുക്ക് ദൈവ വചനം പൂർണ്ണമായി നൽകിയിട്ടുണ്ട്. എന്നാൽ ഇപ്പോഴും ദൈവം തിരഞ്ഞെടുക്കുന്നവർക്കു പഠിപ്പിക്കുവാനും, "***ക്രിസ്തുവിന്റെ ശരീരത്തെ***" വേണ്ട രീതിയിൽ നയിക്കുവാനും ഉള്ള കൃപ ദൈവം നൽകുന്നു. അങ്ങനെയുള്ളവരെ ബഹുമാനിക്കുകയും അവരുടെ മാതൃക പിന്തുടരുകയും ചെയ്യണം ***(എബ്രായർ 13 :7 ).***

സഭകൾക്ക് വേണ്ടിയുള്ള ദൈവീക കരുതൽ നമുക്ക് മനസിലാക്കിത്തരുന്ന മറ്റൊരു പുതിയ നിയമ ഭാഗമാണ് ***1കൊരിന്ത്യർ 12 – ാം അദ്ധ്യായം.*** ഒരു സ്ഥലം സഭാ ജീവിതം എങ്ങനെയാണു ക്രമീകരിക്കപ്പെടേണ്ടത് എന്ന് പൗലോസ് തന്റെ വായനക്കാർക്ക് ഈ അദ്ധ്യായത്തിൽ വിവരിച്ചു പറഞ്ഞിട്ടുണ്ട്. താഴെ പറഞ്ഞിരിക്കുന്ന കാര്യങ്ങൾ ആണ് പൗലോസ് പ്രാധാന്യം നൽകി എഴുതുന്നത്.

1. സഭയിലുള്ള ഒരു അംഗത്തിന് ഏതു തരത്തിലുള്ള കൃപാവരമാണ് നൽകേണ്ടത് എന്ന് തീരുമാനിക്കുന്നത്ദൈവം ആണ്. കാരണം ദൈവത്തിന്റെ പൂർണമായ നിയന്ത്രണത്തിലാണ് ഈ വരങ്ങൾ നൽകപ്പെടുന്നത്. ***4 – 6 വരെയുള്ള വാക്യങ്ങൾ*** വായിക്കുമ്പോൾ പലതരത്തിലുള്ള കൃപാവരങ്ങൾ ശുശ്രൂഷകൾ, പ്രവർത്തനങ്ങൾ ദൈവത്തിൽ നിന്നാണ് വരുന്നത് എന്ന് പ്രസ്താവിച്ചിരിക്കുന്നു, എല്ലാ കൃപാവരങ്ങളുടെയും ഉത്ഭവം ദൈവത്തിൽ നിന്നായതുകൊണ്ട് ദൈവമാണ് തീരുമാനിക്കുന്നത് സഭയിൽ ഓരോരുത്തരും ഏതു ശുശ്രൂഷകൾ, സ്ഥാനങ്ങൾ നിറവേറ്റണം എന്നുള്ളത്.
2. സഭയിലുള്ള എല്ലാ അംഗങ്ങൾക്കും ഏതെങ്കിലും ഒരു കൃപാവരം നല്കപ്പെട്ടിരിക്കും ***( "ഓരോരുത്തന്". . .വാക്യം 7&11 )*** നമ്മുടെ ശരീരത്തിലുള്ള ഓരോ അവയവങ്ങൾക്കും ഒരു പ്രവൃത്തി ഉള്ളതുപോലെ കർത്താവിന്റെ ശരീരത്തിലുള്ള (സഭയിൽ)എല്ലാ വ്യക്തികൾക്കും ഓരോരോ ശുശൂഷകൾ നൽകിയിട്ടുണ്ട്.
3. ദൈവം നമ്മെ ഏൽപ്പിച്ചിട്ടുള്ള ശുശ്രൂഷകൾ നാം ചെയ്യുമ്പോൾ അത് അർത്ഥമാക്കുന്നത് പരിശുദ്ധാൽമാവ് നമ്മുടെ ജീവിതത്തിൽ പ്രവൃത്തിക്കുന്നു എന്നാണ്. 'ആത്മാവിന്റെ പ്രകാശനം' എന്നത് കൊണ്ട് അർത്ഥമാക്കുന്നത് ഇതാണ് ***(1 കൊരിന്ത്യർ 12 :7 ).*** യേശു പറഞ്ഞ ഉപമയിൽ കാണുന്നതുപോലെ നാം നമ്മുടെ താലന്തുകൾ മറച്ചു വെച്ച മനുഷ്യനെപ്പോലെ ആകുവാൻ പാടില്ല ***(മത്തായി 25 :24 &25)*** നാം "***താലന്തുകൾ***" ഉപയോഗിക്കുമ്പോൾ ദൈവത്തിന്റെ ഹിതം നമ്മുടെ ജീവിതത്തിൽ നിറവേറുന്നു.
4. "***എല്ലാവരുടെയും പ്രയോജനത്തിനായിട്ടാണ് വരങ്ങൾ***" നൽകിയിരിക്കുന്നത്. ദൈവം നമുക്ക് നൽകിയതൊക്കെ നമ്മുടെ സ്വാർത്ഥതക്കായ് ഉപയോഗിക്കാതെ സഭയുടെ കെട്ടുപണിക്കായി സ്നേഹത്തിൽ ഉപയോഗിക്കേണ്ടതാണ് ***(എഫെസ്യർ 4 :16 ).*** ഒരു മനുഷ്യ ശരീരത്തിൽ ഓരോ അവയവങ്ങളും മുഴുവൻ ശരീരത്തിന്റെ നന്മക്ക് വേണ്ടി പ്രവൃത്തിക്കുന്നതു പോലെ തന്നെ "***ക്രിസ്തുവിന്റെ ശരീരമാകുന്ന***" സഭയിലും ആയിരിക്കണം.

ഓരോ വിശ്വാസികളും പുതിയ നിയമത്തിന്റെ ഉപദേശങ്ങൾ പഠിപ്പിക്കുകയും പ്രായോഗിക തലത്തിലേക്ക് കൊണ്ടുവരികയും ചെയ്യുന്ന സഭയുടെ ഭാഗമായിരിക്കുകയും ചെയ്യേണ്ടത് ആവശ്യമാണ്. ഇങ്ങനെയുള്ള സഭാ ക്രമീകരണത്തിന്റെ ഭാഗമായി നാം ഓരോരുത്തരും ദൈവം നമുക്ക് നൽകിയ കൃപാവരങ്ങൾ ഉപയോഗിക്കുകയും വളർത്തുകയും ചെയ്യേണ്ടത് ആവശ്യമാണ്. സഭയുടെ അഭിവൃദ്ധിക്കും നമ്മുടെ ആത്മീക വർദ്ധനയ്ക്കും ഉള്ള ദൈവീക പദ്ധതികൾ ഇന്ന നിലയിലാണ് ദൈവം ക്രമീകരിച്ചിരിക്കുന്നത്.

# ന്യൂലൈഫ്
# പ്രവൃത്തി പരിചയം

**പഠനം 3. സഭയുടെ അഭിവൃദ്ധിക്കായുള്ള ദൈവീക കരുതലുകൾ**

**1** **തിരുവചനത്തിന്റെ അടിസ്ഥാനത്തിൽ സഭ എന്ന് പറയുന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് എന്താണ് ?.**

......................................................................................................................

......................................................................................................................

...................................................................................................................... (3)

**2** **സഭയെ കുറിക്കുവാനായി ബൈബിളിൽ ഉപയോഗിച്ചിരിക്കുന്ന 3 സാദൃശ്യങ്ങൾ ഏതൊക്കെയെന്നു എഴുതുക.**

i. ക്രിസ്തുവിന്റെ ...................................................

ii. ദൈവത്തിന്റെ ...................................................

iii. ക്രിസ്തുവിന്റെ ................................................... (3)

**3** A. **ഒരു സുവിശേഷകന്റെ പ്രവൃത്തി എന്താണ് ?**

......................................................................................................................

......................................................................................................................

......................................................................................................................

b. **സ്ഥലം സഭയോടുള്ള ബന്ധത്തിൽ ഇടയന്മാരുടെയും ഉപദേഷ്ടാക്കന്മാരുടെയും ശുശ്രൂഷകൾ എന്തൊക്കെയാണ് ?**

......................................................................................................................

......................................................................................................................

...................................................................................................................... (6)

**4** **1 കൊരിന്ത്യർ 12 :4 – 6 വരെയുള്ള വാക്യങ്ങൾ വായിക്കുക. ഈ വാക്യങ്ങളുടെ അടിസ്ഥാനത്തിൽ സഭയ്ക്കുള്ള കൃപാവരങ്ങൾ നൽകുന്നതിൽ പിതാവിനും പുത്രനും പരിശുദ്ധാൽമാവിനും പങ്കുണ്ട്. താഴെ പറയുന്ന വാക്യങ്ങളിൽ വിട്ടുപോയ ഭാഗങ്ങൾക്ക് അനുയോജ്യമായ വാക്യങ്ങൾ ഏതാണെന്നു എഴുതുക.**

i. ഏതു വാക്യത്തിൽ ആണ് '**ആത്മവരങ്ങൾ** ' എന്ന് പറഞ്ഞിരിക്കുന്നത് ..............................................

ii. ഏതു വാക്യത്തിൽ ആണ് '**ദൈവീക വരങ്ങൾ** ' എന്ന് പറഞ്ഞിരിക്കുന്നത് ..............................................

iii. ഏതു വാക്യത്തിൽ ആണ് '**കർത്താവിന്റെ വരങ്ങൾ** ' എന്ന് പറഞ്ഞിരിക്കുന്നത് .............................................. (3)

**5** **സഭയിലുള്ള എല്ലാ വ്യക്തികൾക്കും ഏതെങ്കിലും നിലയിലുള്ള കൃപാവരങ്ങൾ നൽകപ്പെട്ടിട്ടുണ്ട് എന്ന് തെളിയിക്കുന്ന ഒരു വാക്യം 1കൊരിന്ത്യർ 12 – ാം അദ്ധ്യായത്തിൽ നിന്നും എഴുതുക.**

......................................................................................................................

......................................................................................................................

...................................................................................................................... (3)

**6** **റോമാ ലേഖനം 12:3 – ാം വാക്യം വായിച്ചു ദൈവം നമുക്ക് നൽകിയിരിക്കുന്ന വരങ്ങളോട് നമ്മുടെ മനോഭാവം എന്തായിരിക്കണം എന്ന് എഴുതുക.**

......................................................................................................................

......................................................................................................................

...................................................................................................................... (3)

**7** **എനിക്ക് സഭയിൽ പ്രത്യേകിച്ച് ഒന്നും ചെയ്യാൻ ഇല്ല എന്ന് പറയുന്ന ഒരു സഹോദരനോടോ സഹോദരിയോടോ എന്ത് ഉത്തരമാണ് നിങ്ങൾ നൽകുക.**

......................................................................................................................

......................................................................................................................

...................................................................................................................... (4)

**25**

ആകെ മാർക്ക്

## പഠനം 4. സഭയിൽ സ്ത്രീകൾ

പേര്.............................................

**വായനാഭാഗം: 1 കൊരിന്ത്യർ 11: 2–16, 14: 34 & 35**
**1തിമൊഥെയൊസ് 2: 814**

**താക്കോൽ വാക്യം 1 കൊരിന്ത്യർ 11 :3**

**"എന്നാൽ ഏതു പുരുഷന്റെയും തല ക്രിസ്തു, സ്ത്രീയുടെ തല പുരുഷൻ, ക്രിസ്തുവിന്റെ തല ദൈവം എന്ന് നിങ്ങൾ അറിയേണം എന്ന് ഞാൻ ആഗ്രഹിക്കുന്നു "**

സഭയിൽ സഹോദരിമാരുടെ പങ്ക് എന്താണ് ? എന്ന ചോദ്യത്തോടെ നാം ഈ പാഠം സംഗ്രഹിക്കുകയാണ്. ഈ ചോദ്യത്തിനും അനുബന്ധ ചോദ്യങ്ങൾക്കും ഉത്തരം ലഭിക്കുവാൻ നമുക്ക് ബൈബിൾ എന്ത് പറയുന്നു എന്ന് നോക്കാം.

1. സ്ത്രീയുടെയും പുരുഷന്റെയും സമത്വത്തെക്കുറിച്ച് ബൈബിൾ പഠിപ്പിക്കുന്നു.സ്ത്രീ പുരുഷ വേർതിരിവില്ലാതെ ഇരുകൂട്ടർക്കും തുല്ല്യ പ്രാധാന്യം ആണ് ദൈവം നൽകുന്നത്. ദൈവം പുരുഷന്മാരെ ഒക്കെയും സ്നേഹിച്ചും സ്ത്രീകളെ വെറുത്തു എന്നല്ല സുവിശേഷങ്ങളിൽ പറയുന്നത് മറിച്ച് ***"തന്റെ ഏക ജാതനായ പുത്രനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിനു ദൈവം അവനെ നൽകുവാൻ തക്കവണ്ണം ലോകത്തെ സ്നേഹിച്ചു" (യോഹന്നാൻ 3 :16 )***

**താഴെ പറയുന്ന കാര്യങ്ങൾ ശ്രദ്ധിക്കുക.**

a. പുരുഷനും സ്ത്രീയും രക്ഷിക്കപെടുന്നത് മനസാന്തരത്തിന്റെയും വിശ്വാസത്തിന്റെയും അടിസ്ഥാനത്തിലാണ് ***(പ്രവൃത്തികൾ 5 :14 )***

b. പുരുഷനും സ്ത്രീയും "***ക്രിസ്തുവിലൊന്നായാണ്***"ദൈവം കാണുന്നത് ***(ഗലാത്യർ 3 :28 )***

C. ക്രിസ്തുവിലുള്ള വിശ്വാസത്തിന്റെ അടിസ്ഥാനത്തിൽ ആണ് സ്ത്രീയും പുരുഷനും സ്നാനപ്പെടുന്നത് ***(പ്രവൃത്തികൾ 8 :12 )***

d. സഭകളുടെ കൂട്ടായ്മകളിലേക്കു സ്ത്രീകളും സ്വാഗതം ചെയ്യപ്പെട്ടിരുന്നു എന്നുള്ള കാര്യം ലേഖനങ്ങളിൽ നിന്നും വ്യക്തമാണ് ***(റോമർ 16: 1 & 2; ഫിലിപ്പിയർ 4: 2 & 3)***

e. സ്ത്രീകളും പുരുഷന്മാരും കർത്താവിനുവേണ്ടി ഒരേപോലെ കഷ്ടം സഹിച്ചവരാണ് ***( പ്രവൃത്തികൾ 8 :3. 9 :1 &2 )***

2. സൃഷ്ടിയോടുള്ള ബന്ധത്തിലും സഭയോടുള്ള ബന്ധത്തിലും ഇരു കൂട്ടർക്കും വ്യത്യസ്തമായ ചുമതലകൾ ദൈവം നൽകിയിട്ടുണ്ട് എന്ന് ബൈബിൾ പഠിപ്പിക്കുന്നു.

**(i.) സൃഷ്ടിയോടുള്ള ബന്ധത്തിൽ**

ദൈവം പുരുഷനെ ആദ്യം സൃഷ്ടിച്ചു ശേഷം ആദാമിന്റെ ഒരു വശത്തുള്ള വാരിയെല്ലിൽ നിന്നാണ് ദൈവം സ്ത്രീയെ സൃഷ്ടിച്ചത് ***(ഉൽപ്പത്തി 2 :22 )*** ഈ ക്രമം അനുസരിച്ച് ദൈവം പുരുഷനാണ് നേതൃത്വം നൽകിയത്. അധികാര സ്ഥാനം ദൈവം നൽകിയത് ആദാമിനാണ്. ദൈവത്തിന്റെ ഇഷ്ടപ്രകാരം ആണ് ഈ കാര്യങ്ങൾ ചെയ്തത്. പുരുഷനും സ്ത്രീയ്ക്കും തമ്മിലുള്ള സമത്വത്തെ ഒരു നിലയിലും ബാധിക്കാതെയാണ് ദൈവം സൃഷ്ടിയോടുള്ള ബന്ധത്തിൽ അധികാരം പുരുഷന് നൽകിയിരിക്കുന്നത്. നേതൃത്വസ്ഥാനം എന്നത് ശ്രേഷ്ഠമായ സ്ഥാനം എന്ന അർത്ഥം അല്ല. ***1കൊരിന്ത്യർ 11 :3 ൽ "ക്രിസ്തുവിന്റെ തല ദൈവം"*** എന്ന് രേഖപ്പെടുത്തുമ്പോൾ ക്രിസ്തു ദൈവത്തെക്കാൾ "***കുറവുള്ളവനാണ്***" എന്ന് അർത്ഥമില്ല. ദൈവത്വത്തിൽ രണ്ട് വ്യക്തികളുടെയും ശുശ്രൂഷകൾ വ്യത്യസ്തമാണ് എന്നുള്ളതാണ് ഇതിന്റെ അർത്ഥം. അതുപോലെ പുരുഷൻ സ്ത്രീയുടെ തല എന്ന് പറയുമ്പോലെ സ്ത്രീ പുരുഷനേക്കാൾ കുറവുള്ളവളാണ് എന്ന് അർത്ഥമില്ല.

പുരുഷന് സ്ത്രീയുടെ മേൽ അധികാരം നൽകിയതിന്റെ മറ്റൊരു കാരണം ***ഉൽപ്പത്തി പുസ്തകം3 :6 ലും 16 ലും 1 തിമോഥിയോസ് 2 :14 ഉം കാണുന്നു.*** ഇവിടെ പറഞ്ഞിരിക്കുന്നത് സ്ത്രീയാണ് പിശാചിനാൽ വഞ്ചിക്കപ്പെട്ടതും ആദ്യം പാപം ചെയ്തതും.

ബൈബിളിന്റെ പഠിപ്പിക്കലുകൾ സംഗ്രഹിച്ചാൽ പുരുഷൻ സ്ത്രീയുടെ തലയാണ് എന്ന് പറയുന്നതിന്റെ കാരണങ്ങൾ.

a. പുരുഷനാണ് ആദ്യം സൃഷ്ടിക്കപ്പെട്ടത്

b. സ്ത്രീയാണ് ദൈവത്തോട് ആദ്യം പാപം ചെയ്തത്.

**ii. സഭയോടുള്ള ബന്ധത്തിൽ.**

***1 കൊരിന്ത്യർ 11:2 16*** വരെയുള്ള വേദഭാഗത്തിൽ കാണുന്നത് പോലെ മനുഷ്യ ചരിത്രത്തിന്റെ ആരംഭത്തിൽ സംഭവിച്ചത് സഭാ ജീവിതത്തിലും പ്രതിഫലിച്ചു കാണുന്നു. നാം കണ്ടതുപോലെ ദൈവം അധികാരവും നേതൃത്വവും നൽകിയത് പുരുഷനാണ്. സഭ ഒരുമിച്ചു കൂടുമ്പോൾ വിശ്വാസിയായ ഒരു സഹോദരി പുരുഷന്റെ നേതൃത്വത്തിന്റെ ***അംഗീകാരം എന്ന നിലയിൽ തന്റെ തലയിൽ മൂടുപടം അണിയുന്നു 10 – ാം വാക്യത്തിൽ*** കാണുന്നതുപോലെ സ്ത്രീ തന്റെ മേൽ ഉള്ള അധികാരത്തിന്റെ സൂചകമായി തന്നെത്താൻ സമർപ്പിക്കുന്നു.

ഉൽപ്പത്തി ***പുസ്തകം 2 &3 ഉം*** അദ്ധ്യായങ്ങളിലെ വിവരണങ്ങളോട് ബന്ധപ്പെട്ട് കൂടുതൽ വിശദീകരണം ***1 തിമൊഥെയൊസ് 2 :11 14*** വരെയുള്ള ഭാഗങ്ങളിൽ കാണുന്നു. പുരുഷന്റെ മേൽ അധികാരം കാണിക്കുന്നതിനോ സഭയെ ഉപദേശിക്കുന്നതിനോ ഒരു സ്ത്രീയെ അനുവദിക്കുന്നില്ല. ഇങ്ങനെ അനുവദിക്കാതിരിക്കുന്നതിന്റെ കാരണം ***13 &14*** വാക്യങ്ങളിൽ കാണുന്നതുപോലെ ആദാമിന്റെയും ഹവ്വയുടെയും പാപം ആണ്. "***സ്ത്രീകൾ സഭായോഗങ്ങളിൽ മിണ്ടാതിരിക്കട്ടെ" (1 കൊരിന്ത്യർ 14 :34 )*** സഭാ ജീവിതത്തോടുള്ള ബന്ധത്തിൽ സ്ത്രീകളുടെ ഉത്തരവാദിത്വം ഇവിടെ നമുക്ക് മനസിലാക്കി തരുന്നു.

അപ്പോൾ എന്താണ് ഒരു സ്ത്രീയുടെ ശുശ്രൂഷ?കർത്താവിനെ മാനിക്കുവാനും ദൈവത്തെ സേവിക്കുവാനും സഹോദരിമാർക്ക് അനേക വഴികൾ ഉണ്ട്. ***തീത്തോസ് 2 :3– 5*** വരെയുള്ള വേദഭാഗത്തിൽ കാണുന്നതുപോലെ നല്ല സാക്ഷ്യത്തോടെ ക്രിസ്തീയ ജീവിതം നയിക്കുന്നതിലൂടെയും സഭാ ശുശ്രൂഷകളിൽ സഹായിയായി തീരുന്നതിലൂടെയും മറ്റുള്ളവർക്ക് ഒരു മാതൃകാ ജീവിതം കാണിച്ചുകൊടുക്കുമ്പോൾ ഒരു സ്ത്രീ എല്ലാവരാലും ബഹുമാനിക്കപ്പെടുന്നു. താഴ്മയോടും വിനയത്തോടും ദൈവം ഏൽപ്പിച്ച ശുശ്രുഷ ചെയ്യുന്ന ഒരു വ്യക്തി മുൻ നിരയിൽ നിന്നുകൊണ്ട് ഉത്തരവാദിത്വങ്ങൾ ചെയ്യുന്ന ഒരു വ്യക്തിയേക്കാൾ ഒട്ടും കുറവുള്ള വ്യക്തി ആകുന്നില്ല. ദൈവത്തിനു നാം പൂർണ്ണമായി വിധേയപ്പെടുമ്പോൾ ആത്മീകമായി നാം ഒരിക്കലും ദരിദ്രർ ആയി തീരുന്നില്ല.

## ന്യൂലൈഫ്
# പ്രവൃത്തി പരിചയം



## പഠനം 4. സ്ത്രീകൾ സഭയിൽ

**1** **ക്രിസ്തീയ സഭയുടെ ആദ്യകാലങ്ങളിൽ സ്ത്രീയുടെയും പുരുഷന്റെയും തുല്യത വെളിപ്പെടുത്തുന്ന ചില കര്യങ്ങൾ വിശദീകരിക്കുക.**

........................................................................................................................................

........................................................................................................................................ 3

........................................................................................................................................

**2** **റോമൻ 16 :1 &2 വായിച്ച് ഉത്തരം നൽകുക.**

a. ഈ വാക്യങ്ങളിൽ വിവരിച്ചിരിക്കുന്ന സ്ത്രീയുടെ പേരെന്താണ്......................................................................

b. എന്തുകൊണ്ടാണ് അവളെ പൗലോസ് പ്രശംസിച്ചു പറയുന്നത് ?......................................................................

C. സഭാ പശ്ചാത്തലത്തിൽ ഒരു യുവ വിശ്വാസിക്ക് എങ്ങനെമറ്റുള്ളവരെ സഹായിക്കാൻ കഴിയും എന്നുള്ളതിന് ചിലപ്രയോഗികമായ വഴികൾ നിർദ്ദേശിക്കുക.

........................................................................................................................................ 4

........................................................................................................................................

**3** **സ്കൂളുകളിൽ, വ്യാപാരത്തിൽ, കുടുംബങ്ങളിൽ, സംഘടനകളിൽ എല്ലാ തലങ്ങളിലും ഒരു നേതൃത്വം എന്ന ചിന്ത വളരെ വ്യക്തമാണ് 1 കൊരിന്ത്യർ 11 :3 വീണ്ടും വായിക്കുക, ശേഷം താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉത്തരം നൽകുക.**

a. ക്രിസ്തുവിന്റെ തല ആരാണ് ..........................................................................................

b. പുരുഷന്റെ തല ആരാണ് ..........................................................................................

C. സ്ത്രീയുടെ തല ആരാണ്.......................................................................................... 3

**4** **സഭയിൽ ഒരു സ്ത്രീ പുരുഷന്റെ അധികാരത്തെ അംഗീകരിക്കുന്നു എന്നതിന്റെ സൂചകം എന്താണ് ?** 2

........................................................................................................................................

**5** **ഉൽപത്തി 2 &3 ൽ കാണുന്ന സൃഷ്ടി ചരിത്രത്തിൽ**

a. ഏത് അർത്ഥത്തിൽ ആണ് സ്ത്രീ '***രണ്ടാമതായത്***' ..........................................................................................

b. ഏത് അർത്ഥത്തിൽ ആണ് സ്ത്രീ '***ഒന്നാമത് ആയത്***' .......................................................................................... 3

C. ആദാം ആയിരുന്നോ ഹവ്വാ ആയിരുന്നോ ആദ്യം വഞ്ചിക്കപ്പെട്ടത്. ..........................................................................................

**6** **സഭയിലുള്ള സ്ത്രീയുടെ ശുശ്രൂഷ ഉപദേശിക്കുന്നതിൽ അല്ല എന്നുള്ള കാര്യം 1 തിമൊഥെയോസ് 2 :11 14 വരെയുള്ള ഭാഗങ്ങൾ ശ്രദ്ധിച്ചു വായിച്ച് വിശദീകരിക്കുക.**

........................................................................................................................................ 3

........................................................................................................................................

**7** **പ്രശസ്തരായ ചില സ്ത്രീകളെക്കുറിച്ചുള്ള വേദഭാഗങ്ങൾ താഴെ കൊടുക്കുന്നു. ഒരു വശത്ത് അവരുടെ പേരുകളും മറുവശത്തു അവരെ കുറിച്ച് പറഞ്ഞിരിക്കുന്ന പ്രത്യേകതകളും എഴുതുക**

*പ്രവൃത്തികൾ 9 :36.* ........................................ ........................................

*പ്രവൃത്തികൾ 12 :12 16* ........................................ ........................................

*പ്രവൃത്തികൾ 16 :14 15* ........................................ ........................................ 4

*റോമർ 16 :6* ........................................ ........................................

**8** **1 തിമൊഥെയോസ് 2:9 10 ന്റെ അടിസ്ഥാനത്തിൽ വിശ്വാസിയായ സ്ത്രീ ' നല്ല പ്രവൃത്തികളെക്കൊണ്ട് തങ്ങളെ അലങ്കരിക്കണം ' എന്ന് പ്രസ്താവിച്ചിരിക്കുന്നു. ഇന്ന് ഇത് എങ്ങനെ പ്രായോഗിക തലത്തിൽ കൊണ്ടുവരാം എന്ന് എഴുതുക.**

........................................................................................................................................

........................................................................................................................................ 3

........................................................................................................................................

100
യൂണിറ്റിന്റെ ആകെ മാർക്ക്

Return your study sheets to:

25
ആകെ മാർക്ക്

© Bible Educational Services, www.besweb.com